**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6823** **11-07-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി ജില്ലാ പൈതൃക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ജില്ലാ പൈതൃക മ്യൂസിയമായി ഉയർത്തിയ തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയത്തിന്റെ നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കുകയും, ഈ കെട്ടിടത്തിൽ മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്ക് വേണ്ടി കൈമാറിയ ഭൂമിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തിരൂരങ്ങാടി വില്ലേജിലെ സർവ്വേ നമ്പർ 358/10B ൽ പെട്ട 0.3021 ഹെക്ടർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തിരൂരങ്ങാടി താലൂക്ക് ഓഫീസ് കെട്ടിടം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ കെട്ടിടത്തിലാണ് മ്യൂസിയം സജ്ജീകരിച്ചിട്ടുള്ളത്. |
| (സി) | തിരൂരങ്ങാടി രജിസ്റ്റർ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമി ഈ മ്യൂസിയം പദ്ധതിയിൽ ഉൾപ്പെട്ടതാണോ; എങ്കിൽ അത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തിരൂരങ്ങാടി വില്ലേജിലെ സർവ്വേ നമ്പർ 358/10Bൽ പെട്ട 0.0586 ഹെക്ടർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടവും അതുൾക്കൊള്ളുന്ന സ്ഥലവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിൽ രജിസ്റ്റർ ഓഫീസ് പ്രവർത്തിക്കുന്നതിനാൽ നിലവിൽ മ്യൂസിയം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | റോഡിൽ നിന്നും മ്യൂസിയത്തിലേക്കുള്ള വഴി സൈൻ ബോർഡുകളും മറ്റും സ്ഥാപിച്ച് നിർമ്മാണം പൂർത്തീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതും സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതും പുരാവസ്തു വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. |

സെക്ഷൻ ഓഫീസർ